# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 13, വ്യാഴാഴ്ച

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

റൂളിംഗ്

അടിയന്തര പ്രമേയ വിഷയം അടിയന്തിര പ്രാധാന്യമുള്ളതായിരിക്കണം.

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് ഉന്നയിക്കേണ്ട വിഷയം അടിയന്തര പ്രാധാന്യമുള്ളതും ഒന്നിലധികം ആകാൻ പാടില്ലാത്തതുമാണ്. ഇന്നിവിടെ നൽകിയ നോട്ടീസിൽ പറയുന്ന വിഷയങ്ങൾ പല മന്ത്രിമാരാണ് കൈകാര്യം ചെയ്യുന്നത്. ചട്ടം അനുസരിച്ച് ഇത് അനുവദിക്കാൻ പാടില്ലാത്ത താണ്. മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്ന് അദ്ദേഹം മറുപടി പറയുന്നതാണ്. ഇത് ആവർത്തിക്കുന്നതല്ല. ഇനി നോട്ടീസ് നൽകുമ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

**അടിയന്തര പ്രമേയം**

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കയർ, കശുവണ്ടി, കൈത്തറി, കള്ളുചെത്ത്, ഖാദി, ബീഡി, മത്സ്യം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും തൊഴിലും ആനുകൂല്യങ്ങളും നഷ്ടപ്പെട്ട് കടുത്ത ദുരിതത്തിലും ആശങ്കയിലുമായിരിക്കുന്നതായി പറയപ്പെടുന്നതായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.കെ. ഗുരുദാസൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ.അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രാധാന്യം ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. അനേകലക്ഷം കുടുംബങ്ങൾ ഈ വ്യവസായങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. ഈ മേഖലകളിലെല്ലാം കുറഞ്ഞ വേതനവും മെച്ചമല്ലാത്ത സേവന വ്യവസ്ഥകളും നിലനിൽക്കുന്നുവെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് പ്രസ്തുത വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന കൊടുക്കുകയും കൂടുതൽ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുകയിലയ്ക്കെതിരെയുള്ള പ്രചരണങ്ങളും ജനങ്ങൾക്കിടയിലെ അവബോധവും കാരണം ബീഡി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് കാര്യങ്ങൾ ചെയ്യുന്നതിന് തയ്യാറാണ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> ഇന്ന് പരമ്പരാഗത വ്യവസായ മേഖലകൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ചില മേഖലകളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും നടമാടുന്നുണ്ട്. തൊഴിലാളികളുടെ ജീവിത സ്ഥിതി കടുത്ത ദാരിദ്ര്യത്തിലേയ്ക്കും പ്രതിസന്ധിയിലേക്കും പൊയ്ക്കൊണ്ടിരിക്കുകയാണ്. കയർമേഖല ആകെ തകർച്ചയിലും കയർപിരി സംഘങ്ങൾ ഭൂരിപക്ഷവും പ്രവർത്തനക്ഷമവുമല്ല. ബഡ്ജറ്റ് വിഹിതം യഥാവിധി ചെലവഴിക്കപ്പെടുന്നില്ല. ഉൽപാദന ചെലവുമായി ബന്ധപ്പെട്ട് കയറിന്റെ വില നിശ്ചയിക്കുകയും സംഭരിക്കുകയുമാണ് ഈ വ്യവസായത്തിന്റെ സംരക്ഷണത്തിന് ആവശ്യമായിട്ടുള്ളത്. തൊഴിലാളികൾക്ക് മാന്യമായ കൂലി നൽകിക്കൊണ്ട് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യത്തോടെയാണ് കഴിഞ്ഞ ഗവൺമെന്റ് ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവന്നത്. ബാങ്ക് വഴിയുള്ള ഇൻകം സപ്പോർട്ട് സംവിധാനം അശാസ്ത്രീയമാണെന്ന് മനസ്സിലാക്കിയിട്ടും തിരുത്താതെയിരിക്കുകയാണ്. കയർ പ്രൈമറി സംഘങ്ങൾക്കും കയർഫെഡ്ഡിനും യഥാസമയം സാമ്പത്തിക സഹായം നൽകുന്നില്ല. കയർപിരി മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. ആലപ്പുഴയിൽ കയർ ഫാക്ടറി ഉടമകളുടെ സഹകരണത്തോടെ കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം അനുസരിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കി ഡിപ്പോകൾ നിർത്തലാക്കിയത് പുനരാരംഭിച്ചിരിക്കുന്നത് ഇടത്തട്ടുകാരെ സഹായിക്കാനാണ്. നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. ആത്മഹത്യ ചെയ്ത കയർ തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായവും കയർ കോർപ്പറേഷന് ആവശ്യമായ ഫണ്ടും നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. നാമമാത്രമായി പ്രവർത്തിക്കുന്ന കയർ

ഫെഡ്ഡിനെ തകർക്കാനുള്ള ശ്രമം സർക്കാർ ഉപേക്ഷിക്കണം. മൂന്നുലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ സംസ്കരണം, സംഭരണം, കയറ്റുമതി/ഇറക്കുമതി എന്നിവയ്ക്കായി കാഷ്യു ബോർഡ് രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നില്ല. കാഷ്യു കോർപ്പറേഷൻ ഇപ്പോൾ പ്രവർത്തനരഹിതമായിരിക്കുകയാണ്. ഇവിടെയുള്ള തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കാതെ അവരെ വഞ്ചിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കാഷ്യു കോർപ്പറേഷനെയും കാപ്പെക്സിനെയും തകർത്ത് സ്വകാര്യ മേഖലയെ ശക്തിപ്പെടുത്താനുള്ള നീക്കം പ്രതിഷേധാർഹമാണ്. വിദേശ കപ്പലുകളെ നിരോധിച്ചുകൊണ്ട് 60 നോട്ടിക്കൽ മൈൽ ദൂരം വരെ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് അനുവാദം നൽകണം. മത്സ്യ ബന്ധന ബോട്ടുകൾക്ക് ആവശ്യമായ 750 ലിറ്റർ മണ്ണെണ്ണ ലഭ്യമാക്കാനും ഡീസലിനും മണ്ണെണ്ണയ്ക്കും സബ്സിഡി കൊടുക്കാനും നടപടി സ്വീകരി ക്കണം. ഒന്നര കൊല്ലമായിട്ടും കർഷകർക്ക് കടാശ്വാസ കമ്മീഷന്റെ പ്രവർത്ത നങ്ങൾ നടക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. കൈത്തറി മേഖലയെ സംരക്ഷിക്കുന്ന പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച 583 കോടി രൂപ വാങ്ങിയെടുക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഖാദി മേഖലയേയും ഈ സർക്കാർ അവഗണിക്കുകയാണ്. ഒരു ലക്ഷം തൊഴിലാളി കൾ പണിയെടുക്കുന്ന ഈറ്റ/പനമ്പ് വ്യവസായത്തിലെ തൊഴിലാളികൾക്ക് ജോലിയോ കൂലിയോ നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. കള്ള്ചെത്ത് മേഖലയിൽ ആയിരം കള്ള്ഷാപ്പുകൾ അടച്ചിട്ടിരിക്കുകയാണ്. 15 ലക്ഷത്തി ലധികം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ

മേഖലയെ തകർക്കുന്ന സർക്കാരിന്റെ നയത്തിനെതിരെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കശുവണ്ടി വ്യവസായ മേഖലയിൽ 2011-12-ൽ 288 ദിവസവും കാപ്പെക്സിൽ 226 ദിവസവും ജോലി നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 28 ദിവസമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കാൻ എത്രയും വേഗം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. ഈ മേഖലയുടെ ഉന്നമനത്തിനായി 2011-12 സാമ്പത്തിക വർഷം 28.75 കോടി രൂപയും 2012-13-ൽ 37 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തുകയും 22 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാപ്പെക്സിന് 14 കോടി രൂപ ഈ വർഷം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കശുവണ്ടി ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. സ്വകാര്യമേഖലയിലെ ചൂഷണം തടയാനുള്ള ശക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. ആത്മഹത്യ ചെയ്ത കയർത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം നൽകാനും കയർത്തൊഴിലാളികളുടെ വേതനം 210 രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഉൽപ്പന്നമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി 255 രൂപയായി ഉയർത്തിയിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതിപ്രകാരം സംഘങ്ങൾക്ക് ഈ ഗവൺമെന്റ് 9.55 കോടി രൂപയും ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം 14.89 കോടി രൂപയും കൊടുത്തിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പരമാവധി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്. കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക്

കേന്ദ്ര സഹായമായി 25 കോടി രൂപ ലഭ്യമായിട്ടുണ്ട്. കൈത്തറി മേഖലയുടെ ഹബ്ബ് ആയി കണ്ണൂരിനെ മാറ്റാൻ ഉദ്ദേശിക്കുന്നു. കരകൗശല മേഖലയുടെ വികസനത്തിന് 5 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ബീഡി വ്യവസായത്തിന് മുൻകാലപ്രാബല്യത്തോടുകൂടി ഇ.എസ്.ഐ. എക്സംപ്ഷൻ നേടിയെടുക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. ഡിസംബർ മാസം 31-ന് മുമ്പ് ദിനേശ് ബീഡി തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ കുടിശ്ശിക നൽകുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവിൽ ഒരു കുറവും വരുത്തിയിട്ടില്ല. എന്നാൽ മണ്ണെണ്ണയ്ക്ക് പ്രത്യേക ക്വാട്ട കേന്ദ്രം അനുവദിക്കാത്തിടത്തോളം നിലവിലുള്ള അളവ് കൂട്ടാനാകില്ല. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക മൂന്ന് ലക്ഷം രൂപയും ഭവന സഹായ പദ്ധതി 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് ഖാദി നെയ്ത്തുകാർക്ക് മിനിമം വേജസ് സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്. കയർ, ഖാദി, ബീഡി മേഖലകളിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഫിഷറീസ്, കയർ, ഈറ്റ കാട്ടുവള്ളി, ഖാദി തുടങ്ങിയവയ്ക്ക് ഈ സ്കീം അനുസരിച്ച് 2012-13 ൽ 75 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എല്ലാ ക്ഷേമ പെൻഷനുകളുടേയും കുടിശ്ശിക ഓണം വരെയുള്ളത് കൊടുത്തുതീർത്തു. ഇനി ഡിസംബർ മാസം വരെയുള്ളത് വിതരണം ചെയ്യുന്ന ഏജൻസികളെ ഏൽപ്പിച്ചുകഴിഞ്ഞു. മത്സ്യത്തൊഴിലാളികൾക്കെതിരെയുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടാൻ തീരുമാനമെടുക്കുന്നതാണ്. എഫ്.ഡി.ഐ. അനുസരിച്ചുള്ള റീട്ടെയിൽ ഷോപ്പ്

ഈ ഗവൺമെന്റിന്റെ കാലത്തുണ്ടാകില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ) : പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ ഒരു പാക്കേജ് പ്രഖ്യാപിക്കണം.. പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ ഉറപ്പ് അതിന്റെ ഗൗരവത്തോടുകൂടി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാന ത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്തു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**അറിയിപ്പ്**

**ചോദ്യം ചോദിക്കാനുള്ള അവസരം ലഭിക്കാത്തതു സംബന്ധിച്ച്**

മി. സ്പീക്കർ : ചട്ടം (43)-ൽ ചോദ്യം ചോദിക്കേണ്ട വിധം പരാമർശി ക്കുന്നുണ്ട്. സ്പീക്കർ ചോദ്യപ്പട്ടികയിൽ ആരുടെ പേരിൽ ചോദ്യം കാണുന്നുവോ, ആ ഓരോ അംഗത്തെയും അനുക്രമമായി വിളിക്കണമെ ന്നാണ് ചട്ടത്തിൽ പറയുന്നത്. ഇന്ന് ഒരു ചോദ്യം കൂടി എടുക്കാം എന്ന സദുദ്ദേശത്തോടുകൂടിയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ വിളിച്ചത്. അങ്ങനെ ബൈപ്പാസ് ചെയ്തതുകൊണ്ട് ശ്രീ. തോമസ് ഉണ്ണിയാടനും ശ്രീ.റ്റി.യു. കുരുവിളയ്ക്കും ചോദ്യം ചോദിക്കാനുള്ള അവസരം നിഷേധിക്ക പ്പെട്ടു. അത് ചട്ടവിരുദ്ധമായതുകൊണ്ട് ചെയർ ഖേദം അറിയിക്കുന്നു.

**ശ്രദ്ധ ക്ഷണിക്കൽ**

**(1) ദേശീയപാത വികസനത്തിന് ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം**

ശ്രീ. എ.കെ. ബാലൻ : തൃശൂർ-പാലക്കാട് ദേശീയ പാതയുടെ വികസനത്തിനായി ഭൂമി വിട്ടു നൽകിയ ഭൂവുടമകൾക്ക് തൃശൂർ ജില്ലയിൽ നടപ്പിലാക്കിയ പാക്കേജ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നില്ല. 2010

ഏപ്രിൽ 20-ലെ സർവ്വകക്ഷി തീരുമാനപ്രകാരം സംസ്ഥാനത്ത് ദേശീയപാത വികസനത്തിന് ഭൂമി വിട്ടു നൽകുന്നവർക്ക് മാർക്കറ്റ് വില നൽകാമെന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും പാലക്കാട് ജില്ലയുടെ ഭാഗമായ വാണിയമ്പാറ മുതൽ വടക്കഞ്ചേരി വരെയുള്ള ഭൂവുടമകൾക്ക് അടിസ്ഥാന വിലയുടെ 50 ശതമാനം വർദ്ധനവ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ വിവേചനം അനീതിയാണ്. പാലക്കാട് ജില്ലയിലെ തർക്കം പരിഹരിക്കാൻ 21.12.2011-ന് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ ഭൂമിയുടെ ഇന്നത്തെ ഫെയർ വാല്യൂ നൽകണമെന്നും കെട്ടിടങ്ങൾക്ക് കാലപ്പഴക്കം നോക്കാതെ 2010-ലെ വില നൽകണമെന്നും പട്ടയം ഇല്ലാത്തവർക്കും പുറമ്പോക്കിൽ കഴിഞ്ഞിരുന്നവർക്കും കെട്ടിടത്തിന്റെ വിലയും പുനരധിവാസ പാക്കേജും നൽകണമെന്നുമുള്ള തീരുമാനം ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. 21.12.2011-ലെ യോഗ തീരുമാനം നടപ്പിലാക്കണം. റവന്യൂ വകുപ്പുമന്ത്രി അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് തൃശൂർ ജില്ലയിൽ സ്വീകരിച്ച അതേ സമീപനം പാലക്കാട് ജില്ലയ്ക്കും ബാധകമാക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : നാഷണൽ ഹൈവേ 47-ന്റെ വികസനത്തിനുവേണ്ടി പാലക്കാട് ജില്ലയിൽ വാളയാർ മുതൽ വാണിയമ്പാറ വരെ 66.675 കിലോമീറ്റർ ദൂരമുള്ള സ്ഥലമെടുപ്പ് നടപടികൾ 2004-ലാണ് ആരംഭിച്ചത്. ജനസാന്ദ്രത കൂടിയ വാളയാർ മുതൽ മംഗലം വരെയുള്ള 56.800 കിലോമീറ്റർ 45 മീറ്റർ വീതിയിലും ജനസാന്ദ്രത കുറഞ്ഞ 9.876 കിലോമീറ്റർ ദൂരത്തിൽ 60 മീറ്റർ വീതിയിലും വികസിപ്പിക്കാൻ തീരുമാനിച്ചതനുസരിച്ച് 2005-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനവും 2006-ൽ അന്തിമ വിജ്ഞാപനവും പ്രസിദ്ധീകരിച്ചു. പാലക്കാട് ജില്ലയിൽ 19 റവന്യൂ വില്ലേജുകളിലായി 3398 കേസ്സുകളിലായി

94.2768 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടുത്ത് ദേശീയ പാത അധികൃതർക്ക് കൈമാറിയിട്ടുണ്ട്. നഷ്ടപരിഹാരമായി ഇതുവരെ 102.58 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി അനുവദിച്ചു തന്നതിൽ 3129 കേസ്സുകളിലായി 93.59 കോടി രൂപ ഭൂവുടമകൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 269 കേസ്സുകൾ ഭൂവുടമകൾ മതിയായ രേഖകൾ ഹാജരാക്കാത്തവയോ അവകാശ തർക്കമുളളവയോ ആണ്. നാഷണൽ ഹൈവേ ആക്റ്റ് അനുസരിച്ച് മൂന്ന് വർഷംമുമ്പ് രജിസ്റ്റർ ചെയ്തിട്ടുളള പ്രമാണങ്ങളുടെ അടിസ്ഥാന വില മാനദണ്ഡമാക്കി 2006-ലെ മാർക്കറ്റ് വിലയും ദേഹണ്ഡ വിലയിൽ 10 ശതമാനം അധിക വിലയും കണക്കാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുളളത്. ഈ തുക കൈപ്പറ്റിയ ശേഷം ഭൂവുടമകൾക്ക് എൻ.എച്ച്. ആക്റ്റ് അനുസരിച്ച് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് കിട്ടുവാൻ ആർബിട്രേറ്റർ കൂടിയായ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്. ഇപ്രകാരം പാലക്കാട് ജില്ലയിൽ ലഭിച്ച 2188 കേസ്സുകളിൽ 1359 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. . കണ്ണമ്പ്ര-1, കണ്ണമ്പ്ര-2, വടക്കാഞ്ചേരി-1 എന്നീ മൂന്ന് വില്ലേജുകളിലെ പുറംപോക്ക് നിവാസികളായ 50 പേർക്ക് എക്സ്ഗ്രേഷ്യ നൽകുകയും ബാക്കിയുള്ളവർക്ക് എക്സ്ഗ്രേഷ്യ അനുവദിച്ചുനൽകുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും നാഷണൽ ഹൈവേ അതോറിറ്റി അനുവദിച്ചു നൽകുന്ന മുറയ്ക്ക് തുക നൽകുന്നതുമാണ്. തൃശൂർ എക്സ്പ്രസ്സ് വേ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ പുറംപോക്ക് നിവാസികളെ അടക്കം പോലീസ് സഹായത്തോടെ ഒഴിപ്പിക്കാൻ പുറപ്പെടുവിച്ച വിധി നടപ്പാക്കാൻ സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുമായി നടത്തിയ ചർച്ചയിൽ ബാക്കിയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പ്രശ്ന പരി

ഹാരത്തിന് ആവശ്യമെങ്കിൽ എം.എൽ.എ. മാരുടെ യോഗവും വിളിക്കുന്ന താണ്.

## (2) ഗ്യാസ് സബ്സിഡി നിയന്ത്രണം

ശ്രീ. ബെന്നി ബെഹനാൻ: സംസ്ഥാനത്തെ അനാഥശാലകൾ, ധർമ്മ സ്ഥാപനങ്ങൾ, യത്തീംഖാനകൾ, കോൺവെന്റുകൾ എന്നിവയ്ക്ക് ഗാർഹിക ആവശ്യങ്ങൾക്ക് സബ്സിഡി റേറ്റിൽ പാചകവാതകം ലഭ്യമാക്കണം. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനത്തിന്റെ ഫലമായി സബ്സി ഡിയില്ലാതെ പാചകവാതകം വാങ്ങിക്കേണ്ട സ്ഥിതിയാണ് ഈ സ്ഥാപന ങ്ങൾക്ക് വന്നുചേർന്നിട്ടുള്ളത്. പല അനാഥാലയങ്ങളിലും കഴിയുന്ന വൃദ്ധജനങ്ങളിൽ ഭൂരിഭാഗവും രോഗികളായതിനാൽ ഗാർഹിക ആവശ്യത്തി നേക്കാൾ കൂടുതൽ ഗ്യാസ് ആവശ്യമായി വരുന്നു. ഇത്തരം സ്ഥാപന ങ്ങൾക്ക് പ്രത്യേക മാനുഷിക പരിഗണന നൽകികൊണ്ട് സബ്സിഡി റേറ്റിൽ പത്ത് മുതൽ 15 വരെ സിലിണ്ടറുകൾ നൽകാൻ നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഗവൺമെന്റിന് പോലും കടന്നു ചെല്ലാൻ കഴിയാത്ത മേഖലകളിൽ വിലപ്പെട്ട സാമൂഹ്യ സേവനം നടത്തുന്ന വിവിധ ഏജൻസികളും സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അംഗൻവാടികൾ, ഉച്ചഭക്ഷണം കൊടുക്കുന്ന സ്കൂളുകൾ തുടങ്ങിയ നിരവധി സ്ഥാപനങ്ങൾക്ക് സബ്സിഡൈസ്ഡ് റേറ്റിൽ പാചക വാതകം ലഭിക്കാൻ അർഹതയുണ്ടെന്ന അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. സഭയുടെ പൊതുവികാരം കൂടി ഉൾക്കൊണ്ടുകൊണ്ട് കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിക്ക് കത്ത് എഴുതുന്നതും ആവശ്യമെങ്കിൽ നേരിട്ട് ഉന്നയിക്കുന്നതുമാണ്..

**സബ്മിഷൻ**

**(1) <u>തടവിലാക്കപ്പെട്ടവരുടെ മോചനം</u>**

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സോമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയി തടവിൽ പാർപ്പിച്ചിരിക്കുന്ന അഞ്ച് മലയാളികളുൾപ്പെടെയുള്ള ഇന്ത്യൻ പൗരൻമാരെ മോചിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി) :</u> രണ്ട് വർഷമായി സോമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയലകപ്പെട്ടിട്ടുള്ള ഇന്ത്യക്കാരിൽ മലയാളികളും ഉൾപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുകയും അവരെ മോചിപ്പിക്കുന്നതിനുള്ള തുടർച്ചയായ ശ്രമം നടത്തിവരികയുമാണ്. റോയൽ ഗ്രേസ് എന്ന കപ്പലടക്കം പിടിയിലായവരെ മോചനദ്രവ്യം കൊടുത്താൽ മാത്രമേ വിടുകയുള്ളുവെന്നും തടവിൽ പാർപ്പിച്ചിരിക്കുന്നവരെ ഇന്ത്യൻ നേവി പിടിച്ചിട്ടുള്ള സോമാലിയൻ കടൽക്കൊള്ളക്കാരെ മോചിപ്പിക്കുന്ന മുറയ്ക്കുമാത്രമേ വിട്ടുനൽകുകയുള്ളുവെന്നും അവർ അറിയിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

**(2) <u>ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റ് മാറ്റി സ്ഥാപിക്കൽ</u>**

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേളാരിയിൽ നാഷണൽ ഹൈവേയുടെ ഓരത്ത് പ്രവർത്തിച്ചുവരുന്ന ഐ.ഒ.സി.യുടെ ബോട്ടിലിംഗ് പ്ലാന്റ് ജനസാന്ദ്രത കുറഞ്ഞ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1992-ൽ കമ്മീഷൻ ചെയ്ത മലപ്പുറം ജില്ലയിലെ ചേളാരിയിലെ ഐ.ഒ സി. ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിച്ച സമയത്ത് അവിടെ ജനസാന്ദ്രത വളരെ കുറവായിരുന്നു. അവിടെ നിന്നും പ്രസ്തുത പ്ലാന്റ് മാറ്റിയാൽ വടക്കൻ മലബാറിലെ ഗ്യാസ് വിതരണം കുഴപ്പത്തിലാകുമെന്നാണ് കമ്പനിയുടെ നിലപാട്. കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം അനുശാസിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളെല്ലാം പാലിച്ചാണ് പ്ലാന്റ് പ്രവർത്തിക്കുന്നതെന്നാണ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്. ജനങ്ങളുടെ ആശങ്ക ഉൾക്കൊണ്ട് ഈ പ്രശ്നം പരിശോധിക്കും.

### (3) ഫിലിം സിറ്റി

ശ്രീ. എം. ഹംസ: ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുവേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറ്റം ചെയ്യാനുള്ള തീരുമാനം ത്വരിതഗതിയിലാക്കി ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് സ്ഥലം കൈമാറാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കാൻ 14-2-12-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജലസേചനവകുപ്പിന്റെ 4 ഏക്കർ സ്ഥലം ഫിലിം സിറ്റിക്കായി വിട്ടുകൊടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 17-3-12-ൽ ജലസേചനവകുപ്പുമന്ത്രി എൻ.ഒ.സി. നൽകി ഫയൽ റവന്യൂ വകുപ്പിലേക്ക് അയയ്ക്കുകയും ഒറ്റപ്പാലം തഹസീൽദാർ സ്കെച്ചും പ്ലാനും തയ്യാറാക്കി വില നിശ്ചയിച്ച് കളക്ടർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ സ്ഥലം സാംസ്കാരിക വകു

പ്പിന് കൈമാറാൻ നടപടി സ്വീകരിക്കും. 4 ഏക്കർ ചോദിച്ചിരുന്നുവെങ്കിലും 3.03 ഏക്കർ സ്ഥലം മാത്രമേ ലഭ്യമാകുകയുള്ളൂ, അതനുസരിച്ചുള്ള സ്കെച്ചും പ്ലാനും തയ്യാറാക്കാൻ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഫിലിം സിറ്റി സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം അതിനക ത്തുള്ള എട്ട് ക്വാർട്ടേഴ്സ് ഒഴിവാക്കി 3 ഏക്കർ 3 സെന്റ് സ്ഥലമാണ് വന്നിരി ക്കുന്നത്. അതിനകത്തുള്ള ക്വാർട്ടേഴ്സും ഓഫീസും ജലസംഭരണിയും എന്തുചെയ്യണമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

## (4) വന്യമൃഗശല്യം

ശ്രീ. റ്റി.യു കുരുവിള: കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയം, കുഞ്ചിപ്പാറ, ഉറിയംപെട്ടി മേഖലകളിലെ ആദിവാസികൾ വന്യമൃഗങ്ങളുടെ ശല്യംകാരണം വീടുകളും കൃഷിസ്ഥല ങ്ങളും ഉപേക്ഷിച്ച് കണ്ടൻപാറയിൽ താമസമാക്കി സുരക്ഷിതമല്ലാത്ത ജിവിത ം നയിക്കുന്നതിനാൽ 218 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്ര കാരം ഭൂമി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): 19-9-12-ൽ പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും വനംവകു പ്പുമന്ത്രിയും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് കുറച്ചുകൂടി നല്ല സ്ഥലത്ത് ഭൂമി നൽകുന്നതിനെടുത്ത തീരുമാനം നടപ്പാക്കാൻ കേന്ദ്ര സർക്കാ രിന്റെ അനുമതി ആവശ്യമാണ്. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാന

ത്തിൽ കേന്ദ്ര സർക്കാരിന്റെ പെർമിഷൻ ലഭിച്ചാൽ കാലതാമസമില്ലാതെ സ്ഥലം കൈമാറാൻ സാധിക്കും.

### (5) മണൽ കലവറ

ശ്രീ. കെ. രാജു: കുളത്തുപ്പുഴയിലെ 'മണൽ കലവറ' പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): മിൽപ്പാലം, ചൂഴിയക്കോട് കടവുകളിൽ കഴിഞ്ഞ ഗവൺമെന്റ് നിർത്തിവച്ച മണൽ ഖനനം വനം വകുപ്പിന്റെ പ്രൊപ്പോസലിൽ തീരുമാനമാകുന്ന മുറയ്ക്ക് പുനരാരംഭിച്ച് മണൽ വിപണനം ചെയ്യും. അഞ്ച് ക്യുബിക് മീറ്റർ മണൽ 12,000 രൂപയ്ക്ക് എ.പി.എൽ/ബി.പി.എൽ. വ്യത്യാസം ഇല്ലാതെ എല്ലാപേർക്കും ഒറ്റത്തവണയായി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിനായി ദൂരപരിധി അനുസരിച്ച് സ്ലാബും നിശ്ചയിക്കും. ഖനനം ചെയ്യുന്ന സ്ഥലത്തുനിന്ന് വനസംരക്ഷണ സമിതികൾ മുഖേന മണൽ ശേഖരിക്കുന്നതോടൊപ്പം മണൽ കൊണ്ടുപോകുന്ന ലോറികൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹതയുള്ളവർക്ക് പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി മണൽ കൊടുക്കും. മണൽ വിപണനം ചെയ്യുന്നതിൽ ക്രമക്കേട് ഉണ്ടായാൽ ഖനനം അവസാനിപ്പിക്കുമെന്ന നിർദ്ദേശവും ഉപഭോക്താവ് സ്വന്തം ആവശ്യത്തിനല്ലാതെ മണൽ ഉപയോഗിച്ചാൽ പ്രസ്തുത പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് ഡി.എഫ്.ഒ.യ്ക്ക് അധികാരം കൊടുക്കുന്ന വ്യവസ്ഥയും ഉത്തരവിലുണ്ടാകും.

## (6) ആർട്ട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. വി. റ്റി. ബൽറാം: തൃത്താല നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന തൃത്താല നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി സർക്കാർ മേഖലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത, കെട്ടിട നിർമ്മാണം, അധിക സാമ്പത്തിക ബാധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, കോളേജ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാർ തുടങ്ങിയവയെല്ലാം പരിഗണിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനോടും സർവ്വകലാശാലയോടും അഭിപ്രായം ആരാഞ്ഞശേഷം സർക്കാർ നയപരമായ തീരുമാനമെടുക്കുന്നതാണ്.

## (7) ഹയർ സെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സംസ്ഥാനത്ത് ജില്ലാടിസ്ഥാനത്തിൽ ആർ.ഡി.ഡി. ഓഫീസ് ആരംഭിക്കുന്നതിനോടൊപ്പം പുതുതായി ആരംഭിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പാൾമാർക്കും ടീച്ചർമാർക്കും ലാബ് അസിസ്റ്റന്റുമാർക്കും അംഗീകാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഗവണ്മെന്റ്-എയ്ഡഡ്-അൺഎയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ എണ്ണത്തിന് ആനുപാതികമായി ഡയറക്ട്രേറ്റിലും മേഖലാ ഓഫീസുകളിലും ജീവനക്കാരുടെ

എണ്ണം വർദ്ധിച്ചിട്ടില്ലെങ്കിലും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും മൂന്ന് മേഖലാ ഓഫീസുകൾകൂടി രൂപീകരിക്കാൻ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന മേഖലാ ഓഫീസുകളിൽ വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തിയ സ്കൂളുകളിലെ അദ്ധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2011-12-ൽ അനുവദിച്ച അധിക ബാച്ചുകൾക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## (8) <u>കണ്ണൂർ ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> കണ്ണൂർ ഫയർ സ്റ്റേഷനിൽ ആവശ്യമായ ഡ്രൈവർമാരെ നിയമിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിനും ഫയർ സ്റ്റേഷൻ കെട്ടിടം പുനർ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> കണ്ണൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ 10,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഫയർ സ്റ്റേഷനുകളിൽ ആവശ്യമായ ജീവനക്കാരെയും ഡ്രൈവർമാരെയും നിയമിക്കുന്നതോടൊപ്പം പ്ലാറ്റ്ഫോം ലാഡർ വാങ്ങുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**(9) മനോജിന്റെ കൊലപാതകം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): ഉദുമ നിയോജകമണ്ഡലത്തിൽ പള്ളിക്കര പഞ്ചായത്തിലെ മനോജിന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 432/12 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. സിറ്റ്യുവേഷൻ സ്ട്രെസ്സ്മൂലമുണ്ടായ ഹാർട്ട് ഫെയ്ലുവറാണ് മരണകാരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. ഷുക്കൂർ വധക്കേസ്സിൽ സി.പി.ഐ.(എം) . കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജനെ പോലീസ് അറസ്റ്റ് ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് ഹർത്താൽ ദിവസം സി.പി.ഐ.(എം) ലോക്കൽ സെക്രട്ടറിയായിരുന്ന ശ്രീ. കണാരനെ ചിലർ അക്രമിച്ച വിവരം അറിഞ്ഞ് പ്രകോപിതരായി ഹർത്താൽ അനുകൂലികളായ മനോജ് അടക്കമുള്ള പ്രവർത്തകർ സംഘടിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അരവത്ത് ചെന്ന് ഐ.യു.എം.എൽ.ഓഫീസിനും മറ്റും നേരെ അക്രമം നടത്തിയശേഷം ഉച്ചയ്ക്ക് ഒന്നേകാൽ മണിയോടുകൂടി തച്ചങ്ങാട് ജംഗ്ഷനിലുള്ള പ്രിയദർശിനി ക്ലബ്ബിനുനേരെ അക്രമം നടത്തുന്നതിനിടയിൽ മനോജ് കുഴഞ്ഞുവീണ് ചികിൽസയ്ക്കായി കൊണ്ടുപോയതിൽ ചികിൽസ ലഭിക്കാതെ മരണപ്പെടാനിടയായി എന്നാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്.

**(10) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ**

ഡോ.ടി.എം.തോമസ് ഐസക് :കുടുംബശ്രീയുടെ. ബൈലോയിൽ 12 ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങാൻ പാടില്ലെന്ന് നിഷ്കർഷയുള്ളതു

കൊണ്ട് പല യൂണിറ്റുകളും ബാങ്കിൽ നിന്ന് ബാങ്ക് ലിങ്കേജ് എടുക്കുന്നത് നിർത്തിയിരിക്കുകയാണ്. കുടുംബശ്രീ പ്രവർത്തകർ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ സമരത്തിലെ ഒത്തുതീർപ്പിൽ സർക്കാർ 6 ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിന് ഏർപ്പാടുണ്ടാക്കുമെന്ന വാഗ്ദാനം പാലിക്കാൻ അടിയന്തിരമായി ഇടപെട്ട് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : ബാങ്ക് ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് പലിശ ഇളവ് ലഭിക്കുന്ന പലിശ സബ്സിഡി സ്കീം നടപ്പിലാക്കുന്നതിന് ഏഴ് ബാങ്കുകൾ മാത്രമാണ് മുന്നോട്ട് വന്നിട്ടുള്ളത്. ഇതിൻപ്രകാരം 9 ശതമാനം പലിശ നിരക്കിൽ ബാങ്കുകൾക്ക് വായ്പ നൽകണമെന്നാണ് വ്യവസ്ഥ.. പരമാവധി തിരിച്ചടവ് കാലാവധി മൂന്നുവർഷമാണ്. ഒരു ലക്ഷം രൂപവരെയുള്ള എല്ലാ ബാങ്ക് ലിങ്കേജ് ജെ.എൽ.ജി.വായ്പകൾക്കും പലിശ സബ്സിഡി ലഭിക്കുന്നതാണ്. എന്നാൽ ബേസ് റേറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ബാങ്കുകൾ ബേസ് റേറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുകയും പലിശ നിരക്കിന്റെ 7 ശതമാനം അയൽക്കൂട്ടങ്ങളും ശേഷിക്കുന്ന പലിശ നിരക്ക് കുടുംബശ്രീ മിഷനും നൽകുന്ന തരത്തിലാണ് പുതിയ സ്കീം ചിട്ടപ്പെടുത്തിയിരിക്കുന്നത്.. മുൻധാരണയുടെ അടിസ്ഥാനത്തിൽ പലിശ നിരക്ക് 4 ശതമാനമാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്.

### (11) കരമന-കിള്ളിയാർ നദികളുടെ ശുചീകരണം

ശ്രീ. വി. ശിവൻകുട്ടി :. തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന കരമന-കിള്ളിയാറുകൾ മുൻകാലങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമുള്ള പ്രധാന ജലസ്രോതസ്സായിരുന്നു. നദീതീരങ്ങളിലെ അനധികൃത കൈയ്യേറ്റം, മണൽ ഖനനം, മാർക്കറ്റുകളിലെയും ആശുപത്രിക

ളിലെയും മാലിന്യങ്ങളുടെ നിക്ഷേപം എന്നിവമൂലം നശിച്ചുകൊണ്ടിരിക്കുന്ന ഈ നദികളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : കരമന-കിള്ളിയാറുകളുടെ മാലിന്യ നിർമ്മാർജ്ജനത്തിനുംമറ്റുമായി 505 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വെള്ളപ്പൊക്ക നിവാരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി 27 കോടി രൂപയുടെ ഹ്രസ്വകാല പദ്ധതി അനുവദിച്ചതിന്റെ പണികൾ നടക്കുകയാണ്. കരമന-കിള്ളിയാറുകളുടെ ദീർഘകാലാടിസ്ഥാനത്തിൽ നടത്തേണ്ട പദ്ധതികളുടെ സാങ്കേതിക പാരിസ്ഥിതിക വിഷയങ്ങളും വെള്ളപ്പൊക്ക നിവാരണവും സംബന്ധിച്ച് റൈറ്റ്സ് ആരംഭിച്ചിട്ടുള്ള പഠനറിപ്പോർട്ട് ഏഴു മാസത്തിനകം സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (12) കടൽഭിത്തി നിർമ്മാണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : അതിരൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന പുതുപൊന്നാനിയിൽ 500 മീറ്ററോളം ദൂരം കടൽഭിത്തി കെട്ടുന്നതിന് 3 കോടി രൂപയുടെ ഡി.പി.ആർ.ജലവിഭവ വകുപ്പിന് സമർപ്പിച്ചെങ്കിലും ധനകാര്യവകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല. ഈ പ്രശ്നത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : പൊന്നാനി മുനിസിപ്പാലിറ്റിയിലെ പുതുപൊന്നാനി മേഖലയിൽ 845 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിക്കുകയുണ്ടായി. ഇതിലേക്കാവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## (13) മൽസ്യബന്ധന നിരോധനവുമായി ബന്ധപ്പെട്ട ആശങ്ക

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : കൊച്ചി പുതുവൈപ്പിനിലെ എൽ.എൻ.ജി.ടെർമിനൽ, വല്ലാർ പാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചിൻ പോർട്ട് എന്നിവയുടെ സുരക്ഷയുമായി ബന്ധപ്പെട്ട് മൽസ്യബന്ധനം നിരോധിക്കണമെന്ന നിർദ്ദേശം ഇന്ത്യൻ നേവി വച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിലെ ആശങ്ക ഒഴിവാക്കാനും ഈ മേഖലയിൽ പണിയെടുക്കുന്ന ചെറുവഞ്ചിക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകാനും നടപടി സ്വീകരിക്കണം.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ബാബു) : എൽ.എൻ.ജി. ടെർമിനലിന് 2 നോട്ടിക്കൽ മൈൽ ചുറ്റളവിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് കേരള സർക്കാരിനോട് നേവൽ അധികൃതർ ആവശ്യപ്പെട്ടതിനെത്തുടർന്ന് അവിടെ മൽസ്യബന്ധനം നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തുന്നു എന്ന പ്രചരണം ശരിയല്ല. രാജ്യ സുരക്ഷയുടെ ഭാഗമായി കപ്പൽ ചാലിലും യുദ്ധ കപ്പലുകളുടെയും ഓയിൽ ടാങ്കർ ബർത്തിന് സമീപത്തും ബോട്ടുകളിലും വള്ളങ്ങളിലും മൽസ്യബന്ധനം നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മൽസ്യത്തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നുണ്ട്.

## (14) ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : മലപ്പുറം ജില്ലയിലെ താനൂരിൽ ഫിഷിംഗ് ഹാർബറിന് പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ്സും കേന്ദ്ര ഗവൺമെന്റിൽനിന്ന് ഭരണാനുമതിയും ലഭിച്ചിട്ടുള്ളതിനാൽ സംസ്ഥാന സർക്കാരിന്റെ അനുമതി ലഭ്യമാക്കി അടിയന്തരമായി പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ബാബു) : താനൂരിൽ പുതിയ മൽസ്യബന്ധ തുറമുഖം നിർമ്മിക്കുന്നതിന് അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കായി 22 ലക്ഷം രൂപയടെ ഭരണാനുമതി നൽകി പൂനയിലെ CWPRS മുഖേന മാതൃകാ പഠനം പൂർത്തീകരിച്ചു. നിർമ്മാണത്തിനായി 4487 ലക്ഷം രൂപയുടെ കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

### (15) കടവൂർ വില്ലേജ് നിവാസികൾക്ക് പട്ടയം

ശ്രീ. ജോസഫ് വാഴക്കൻ: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കടവൂർ വില്ലേജിൽ 111/1 സർവ്വേ നമ്പർ വനഭൂമിയിൽ 1977 മുതൽ താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോതമംഗലം താലൂക്കിൽ കടവൂർ വില്ലേജിലെ സർവ്വേ നമ്പർ 111/1-ൽപ്പെട്ട വനഭൂമി 01/01/1977-നുമുമ്പ് കയ്യേറി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകിയിട്ടുണ്ട്. 01-01-1977-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധന നടത്തി ഭൂമി പതിവിനുള്ള നടപടി സ്വീകരിക്കാറുണ്ട്. കടവൂർ വില്ലേജിൽ പട്ടയം ലഭിക്കാത്തവരെക്കൂടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് രൂപം നൽകിയ 'സീറോ ലാന്റ്ലെസ്-2015' എന്ന പദ്ധതിപ്രകാരം അപേക്ഷ സ്വീകരിച്ച് പ്രാഥമികമായ പരിശോധനയ്ക്കുശേഷം 233232 പേരുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

## (16) ഭൂവുടമകൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ്

ശ്രീമതി ഇ.എസ്. ബിജിമോൾ: ഉടുമ്പൻചോല താലൂക്കിൽപ്പെട്ട ആനവിലാസം വില്ലേജിലെ **348** ഭൂവുടമകൾക്ക് കൈവശ സർട്ടിഫിക്കറ്റില്ലാത്തതിനാൽ കരം അടയ്ക്കുന്നതിന് സാധിക്കുന്നില്ല. പ്രൊവിഷണലായി കരം സ്വീകരിച്ച് ഭൂഉടകമകളായ കർഷകർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഉടുമ്പൻചോല താലൂക്കിലെ ആനവിലാസം വില്ലേജിലെ സർവ്വേ അദാലത്ത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. അനധികൃതമായി പിടിച്ച തണ്ടപ്പേരുകൾ റദ്ദ് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തണ്ടപ്പേരുകളിൽ താല്ക്കാലികമായി കരം അടവ് നിർത്തിവയ്ക്കുകയും പരിശോധനാ നടപടികൾ തുടർന്നുവരികയുമാണ്. ഇത് അടിയന്തരമായി പൂർത്തിയാക്കി ക്രമക്കേടുകളില്ലാത്ത തണ്ടപ്പേരുകളിൽ കരം അടവ് പുന:സ്ഥാപിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47 (2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനെട്ട് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിച്ചു.

**ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം**

**2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "Under rule 94 of the Rules of Procedure and Conduct of Business in the Kerala Legislative Assembly regulating the procedure for the withdrawal of a Bill, I move that the Code of Criminal Procedure (Kerala Amendment) Bill, 2008 returned by the Governor with the message dated 01-10-2012 as directed by the President for consideration, may be withdrawn under clause (b) of the said rule by this House, in the light of the direction of the President communicated by the Governor in his message dated 01-10-2012."

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബിൽ പിൻവലിക്കുന്നതിനുള്ള ചട്ടം സംബന്ധിച്ച്

ശ്രീ. എ.കെ. ബാലൻ: പ്രസിഡന്റിന്റെ അംഗീകാരത്തിനയച്ച 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബില്ലിലെ 167(2) വകുപ്പ് കേന്ദ്രത്തിന്റെ സി.ആർ.പി.സി. അമെന്റ്മെന്റ് ആക്ടിൽ വന്നതുകൊണ്ട് ഒഴിവാക്കുകയും 267 (എ) നിലനിർത്തുകയുമാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ചട്ടം 94 (ബി) ക്കുപകരം 94 (സി) പ്രകാരമാണ് മുഖ്യമന്ത്രി ഈ പ്രമേയം കൊണ്ടുവരേണ്ടത്. ഈ ബില്ലിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. അതുകൊണ്ട് ചട്ടം 94 (സി) യാണ് ഇവോക്ക് ചെയ്യേണ്ടത്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: ഈ ബില്ലിൽ സെക്ഷൻ 167 (2) ഭേദഗതി ചെയ്യുന്നതിനും സെക്ഷൻ 267 (എ) പുതുതായി ചേർക്കുന്നതിനുമുള്ള അംഗീകാരത്തിനാണ് അയച്ചിരുന്നത്. അതിൽ സെക്ഷൻ 267 (എ) കേന്ദ്രഗവൺമെന്റിന്റെ പുതിയ നിയമം വന്നതോടുകൂടി ആവശ്യമില്ലാതെ വന്നു. രണ്ട് വകുപ്പിനുവേണ്ടി കൊണ്ടുവന്ന നിയമത്തിൽ ഒരു വകുപ്പു മാറ്റുന്നത് സാരമായ മാറ്റമാണ്. അതുകൊണ്ട് ഈ പ്രൊസീഡ്യുവർ ശരിയാണെന്നാണ് സർക്കാരിന് കിട്ടിയിട്ടുള്ള നിയമോപദേശം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ചട്ടം 94 (ബി) പ്രകാരം ബില്ലിന്റെ ഏതെങ്കിലും ഘട്ടത്തിൽ ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗത്തിന് ബില്ലിന് പകരം അതിലെ വ്യവസ്ഥകളിൽ സാരമായ മാറ്റം വരുത്തുന്ന ഒരു പുതിയ ബിൽ കൊണ്ടുവരാനുണ്ടെങ്കിൽ ബിൽ പിൻവലിക്കാനുള്ള അനുവാദം ആർജ്ജിക്കാവുന്നതാണ്. സഭ നേരത്തെ പാസ്സാക്കിയ ബില്ലിലെ ക്ലാസ് 2 പൂർണ്ണമായും പിൻവലിക്കുകയും പുതിയ ബില്ലിൽ മൂലനിയമത്തിലെ സെക്ഷൻ 267-ന് ശേഷം 267 (എ) എന്ന പുതിയൊരു സെക്ഷൻ ചേർത്തുകൊണ്ടുള്ള ബില്ലാണ് അവതരിപ്പിക്കുന്നതെന്നാണ് മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ നിന്ന് മനസ്സിലാകുന്നത്. സഭ പാസ്സാക്കിയ ബില്ലിൽ സാരമായ മാറ്റം വരുന്ന ഒരു പുതിയ ബിൽ കൊണ്ടുവരുന്ന സാഹചര്യത്തിൽ ചട്ടം 94 (ബി) പ്രകാരം ബിൽ പിൻവലിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടത് ക്രമപ്രകാരമായതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പിൻവലിച്ചു.

**നിയമനിർമ്മാണകാര്യം**

**ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ**

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും സമർപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ആധാരമെഴുത്തു

കാർക്കും പകർപ്പെഴുത്തുകാർക്കും സ്റ്റാമ്പ് വെണ്ടർമാർക്കും 1991-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ പോരായ്മകൾ പരിഹരിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറിയായ ഒരു ബോർഡും ക്ഷേമനിധിയും രൂപീകരിക്കേണ്ടതുണ്ട്. ഈ നിയമം നിലവിൽ വരുന്നതോടുകൂടി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അംഗങ്ങളുടെ അവകാശമായി മാറുകയും ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ വരികയും ചെയ്യും.

ശ്രീ. എം. ഹംസ: I move that- "This House resolves to disapprove The Kerala Document Writers' Scribers' and Stamp Vendors' Welfare Fund Ordinance, 2012 (Ordinance No. 48 of 2012)". പകർപ്പെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും ആധാരമെഴുത്തുകാരും ഈ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരും ശ്രമിച്ചാൽ കോടിക്കണക്കിന് രൂപ ജനങ്ങളിൽനിന്നും ഗവൺമെന്റ് ഖജനാവിൽ എത്തിക്കാൻ സാധിക്കും. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തണം. രജിസ്ട്രേഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേണിലും നിലവിലുള്ള ചട്ടങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തണം. വകുപ്പിനെ ഇപ്പോൾ ഏജന്റുമാർ നിയന്ത്രിക്കുന്ന സ്ഥിതി ഒഴിവാക്കി അഴിമതി തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. 'കുടിക്കട' സർട്ടിഫിക്കറ്റ് സമയത്ത് ലഭ്യമാക്കുന്നതിനും വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കുന്നതിനും തയ്യാറാകണം. ഡിജിറ്റൽ ഇമേജ് പ്രിന്റർ ഉപയോഗിച്ച് ഡോക്യുമെന്റ് മുഴുവൻ സൂക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഭൂമിയുടെ

ന്യായവില നിശ്ചയിക്കുന്ന കാര്യത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനും വ്യാജ മുദ്രപ്പത്രങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന മാഫിയാ സംഘങ്ങളെ പിടികൂടാനും ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. അണ്ടർ വാല്യുവേഷൻ രജിസ്ട്രേഷൻ മൂലം സംസ്ഥാനത്തിന് ഭീമമായ തുക നഷ്ടപ്പെടുന്നതിനാൽ ഇത് തടയുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u> : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. . ഈ ക്ഷേമനിധിയുടെ അംഗത്വം സംബന്ധിച്ച നിബന്ധനയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തയ്യാറാകണം. ഇ-സ്റ്റാമ്പ് സമ്പ്രദായം കൊണ്ടുവന്നാൽ അത് സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുമോയെന്ന കാര്യവും ഈ രംഗത്ത് കമ്പ്യൂട്ടറൈസേഷൻ വരുന്നതോടുകൂടി തൊഴിൽ രഹിതരാകുന്നവരെ എങ്ങനെ സംരക്ഷിക്കുമെന്ന കാര്യവും സർക്കാർ ഗൗരവപൂർവ്വം ചിന്തിക്കണം. വിവിധ സ്റ്റാമ്പ് പേപ്പറുകളുടെ ലഭ്യതക്കുറവുമൂലം സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തണം. ചികിത്സാ ധനസഹായം, പെൻഷൻ എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. ഓൺലൈൻ സമ്പ്രദായം നിലവിൽ വരുമ്പോൾ ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ ആശങ്ക ദൂരീകരിക്കണം.

<u>ശ്രീ. കെ. രാജു</u>: 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രജിസ്ട്രേഷൻ വകുപ്പിലെ

ജിവനക്കാരുടെ അപര്യാപ്തത പരിഹരിക്കണം. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണം. ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഈ മേഖലയിൽ 25 വർഷം സേവനം അനുഷ്ഠിച്ചവരുടെ പെൻഷൻ തുക 2500 രൂപയായി വർദ്ധിപ്പിക്കണം. തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളികൾ അടയ്ക്കുന്ന വിഹിതത്തിന് ആനുപാതികമായി സർക്കാർ വിഹിതം കൊടുക്കാൻ തയ്യാറാകണം. ഈ ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി നികുതി വകുപ്പ് സെക്രട്ടറിക്കുപകരം മറ്റേതെങ്കിലും വകുപ്പുസെക്രട്ടറിയേയോ ജന പ്രതിനിധികളേയോ ആക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ.എൻ.എ. ഖാദർ : 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ നിയമമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകൾ കാലാനുസൃതമായി ആധുനികവൽക്കരിക്കാനുള്ള സംവിധാനമുണ്ടാക്കണം. രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് കർശന നടപടി സ്വീകരിക്കണം. കുറഞ്ഞ വിലയ്ക്കുള്ള സ്റ്റാമ്പുകളുടെയും മുദ്രപത്രങ്ങളുടെയും ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. നിലവിലുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കണം. സ്റ്റാമ്പ് വെണ്ടർമാരെ ആവശ്യാനുസരണം നിയോഗിക്കുന്നത് സുതാര്യവും ലളി

തവുമാക്കാൻ നടപടി സ്വീകരിക്കണം. ലാന്റ് വാല്യൂവേഷൻ പുന:പരിശോധിച്ച് പുനർനിർണ്ണയം ചെയ്യണം. മോർട്ട്ഗേജ് ഡീഡ് ഗവൺമെന്റിന് രജിസ്റ്റർ ചെയ്തുകൊടുക്കുമ്പോൾ മാത്രം വായ്പ വാങ്ങുന്ന ആൾ ഫീസ് കൊടുത്താൽ മതിയെന്ന തീരുമാനമെടുക്കണം. ബില്ലിന്റെ 25-ാം വകുപ്പിലെ 4 ഉപവകുപ്പുകളും അംഗത്വത്തെക്കുറിച്ച് പരാമർശിക്കുന്ന 6-ാം വകുപ്പിന്റെ തുടർച്ചയായി ഉൾപ്പെടുത്തണം. 12-ാം വകുപ്പിന്റെ (3)(1)-ാം ഉപ വകുപ്പ് (ഡി) കൊണ്ടുദ്ദേശിക്കുന്ന കാര്യം നടപ്പിലാക്കുന്നതിന് (2)-ാം ഉപവ കുപ്പ് പര്യാപ്തമായതിനാൽ പ്രസ്തുത വകുപ്പ് നീക്കം ചെയ്യണം. ക്ഷേമനിധി ബോർഡിലെ സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കുകയും അനൗ ദ്യോഗിക അംഗങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്യണം. നികുതി വകുപ്പ് സെക്രട്ടറിക്ക് ചെയർമാൻ സ്ഥാനം നൽകേണ്ട ആവശ്യമുണ്ടോയെന്ന് ആലോചിക്കണം. ചെയർമാൻ പദവി ജനപ്രതിനിധികൾക്ക് നൽകണം. ക്ഷേമനിധി ബോർഡുകളിൽനിന്ന് ഗുണഭോക്താക്കൾക്ക് കൂടുതൽ ആനു കൂല്യം നൽകുകയും രജിസ്ട്രേഷൻ വകുപ്പ് പുന:സംഘടിപ്പിക്കാനുള്ള നട പടി സ്വീകരിക്കുകയും അഴിമതി അവസാനിപ്പിക്കുകയും ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഡിജിറ്റൈസേഷൻ മുതൽ ഡിപ്പാർട്ടുമെന്റിന്റെ ആധുനികവൽക്ക രണം വരെയുള്ള നിർദ്ദേശങ്ങളുണ്ടായി. ക്ഷേമനിധിയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും ഉദ്യോഗസ്ഥരുടെ മേധാവിത്വം ക്ഷേമനിധി ബോർഡിന്റെ കോൺസ്റ്റിറ്റ്യൂഷനിൽ വരുമ്പോൾ ഉണ്ടാക്കാവുന്ന ബുദ്ധിമുട്ടുകളും

സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിച്ച് സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2012-ലെ കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂ നികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രാബല്യത്തിൽ വരുന്നതിന് മുമ്പും കർഷകരിൽ നിന്നും കിട്ടേണ്ട ബാധ്യതകൾ മാത്രമേ 'കടം' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരുന്നുള്ളൂ. പ്രസ്തുത തീയതിക്ക് ശേഷമാണ് സംസ്ഥാനത്ത് വയനാട് ജില്ലയിൽ കർഷകർ കടക്കെണിമൂലം ആത്മഹത്യ ചെയ്തത്. ഇത് കാർഷിക രംഗത്ത് വ്യാപകമായ പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുമെന്ന് കരുതി സർക്കാർ 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കടങ്ങളും പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചതിന്റെ ഫലമായി സർക്കാരിന് 50 കോടിയിലധികം രൂപയുടെ ബാധ്യതയുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ ഭേദഗതി പ്രാബല്യത്തിൽ വരുന്നതോടുകൂടി സർക്കാരിനു നിയമഭേദഗതി വരുത്താതെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ നിശ്ചിത തീയതി വരെയുള്ള കടബാധ്യതകൾ ഗസറ്റ് വിജ്ഞാപനം വഴി പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള അധികാരം ലഭിക്കുമെന്നതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീമതി ഇ.എസ്. ബിജിമോൾ : I move that- "This House resolves to disapprove The Kerala Farmers' Debt Relief Commission (Amendment) Ordinance, 2012 ( Ordinance No.40 of 2012). കാർഷിക മേഖലയിൽ കൂടുതൽ ദുരന്തങ്ങളുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരി

ക്കണം. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കണം. കൃഷിക്കാരുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണം. ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് ആശ്വാസം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കർഷകകടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി തുക അനുവദിക്കുന്നതിന് കാല താമസമുണ്ടായത് വിമർശനാത്മകമാണ്. കമ്മീഷൻ എഴുതിത്തള്ളിയ കടങ്ങ ളിന്മേൽ ജപ്തി നടപടികളുണ്ടാകുന്നത് ഒഴിവാക്കണം. കാർഷിക ഉൽപന്ന ങ്ങളുടെ വില കണക്കാക്കാൻ കൃഷിക്കാരന് അവകാശമില്ലാത്തതും കമ്പോള ത്തിലെ മധ്യവർത്തികൾ ഉൽപന്നങ്ങളുടെ വില നിയന്ത്രിക്കുന്നതും നിർഭാഗ്യകരമാണ്. ലോബികളും കീടനാശിനി കമ്പനികളും വിപണി നിയന്ത്രിക്കുന്ന അവസ്ഥയ്ക്ക് തടയിടണം. നാണ്യവിളകളുടെ വില ആഗോള കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്നത് ഒഴിവാക്കണം. കർഷകന് ലഭിക്കുന്ന വിലയും വാല്യൂ ആഡഡ് പ്രോഡക്ടായി മാർക്കറ്റിലെത്തുന്ന സാധനങ്ങളുടെ വിലയും തമ്മിൽ വലിയ അന്തരം ഉണ്ടാകുന്ന അവസ്ഥാ വിശേഷത്തിന് മാറ്റമുണ്ടാകണം. ആഗോളതലത്തിൽ വിപണിയുടെ അവസ്ഥ അറിയാൻ കൃഷിക്കാരന് സംവിധാനമുണ്ടാകണം. കാപ്പിയുടെ വില നിയന്ത്രി ക്കാൻ നടപടി സ്വീകരിക്കണം. ഏലം കാപ്പി, കുരുമുളക്, തേയില എന്നീ മേഖലകൾ മാഫിയ കയ്യടക്കുന്ന അവസ്ഥ നിയന്ത്രിക്കണം. കൃഷി ഭവനുക ളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കൃഷി ഓഫീസർമാരുടെ പേര് കൃഷി ഡോക്ടർ എന്നാക്കി പുനർനാമകരണം ചെയ്യണം. രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. കൃഷിയും കൃഷിഭൂമിയും സംരക്ഷിക്കപ്പെടണം. കടാശ്വാസ പാക്കേജുകളുടെ ആനുകൂല്യം യഥാർത്ഥ കൃഷിക്കാരന് ലഭ്യമാകാൻ നടപടികൾ സ്വീകരിക്കണം. ഇടുക്കി, കുട്ടനാട്

പാക്കേജുകളുടെ നിശ്ചലാവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. കോഫിബോർഡിന്റെ സബ്സിഡിക്കുവേണ്ടി വിവിധ കമ്പനികൾ നടത്തുന്ന പരസ്യപ്രചരണം നിയന്ത്രിക്കണം. സംസ്ഥാനത്ത് കർഷക ആത്മഹത്യ തടയുന്നതിന് അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചതല്ലാതെ മറ്റ് നടപടികളൊന്നും ഉണ്ടായില്ല. നാണ്യവിള പാക്കേജ് നടപ്പാക്കണം. പലിശ രഹിത വായ്പകൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയും മരണമടഞ്ഞവരുടെ പേരിലുള്ള ലോണുകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുകയും കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ഷെഡ്യൂൾഡ് ബാങ്കുകളെക്കൂടി മോറട്ടോറിയത്തിന്റെ പരിധിയിൽ കൊണ്ടു വരികയും കർഷകരുടെ യഥാർത്ഥ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യണം.

<u>ശ്രീ. സാജു പോൾ:</u> നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക മേഖലയിലെ വിലത്തകർച്ചയും പ്രതിസന്ധിയും ആത്മഹത്യയും തടയുന്നതിനാവശ്യമായ ക്രിയാത്മക നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കർഷകർക്ക് ഭൂമിയുടെ ഈടിന്മേൽ വായ്പ കൊടുക്കുന്നില്ല. ബഹുരാഷ്ട്ര കമ്പനികൾ നൽകുന്ന വിത്തുകൾക്ക് വൻവിലയാണ് ഈടാക്കുന്നത്. ക്ഷീര കൃഷി പ്രതിസന്ധി നേരിടുകയാണ്. പാലിന്റെ വില കൂട്ടിയെങ്കിലും കാലി ത്തീറ്റയുടെ വില വർദ്ധനവുമൂലം അതിന്റെ പ്രയോജനം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ല. സംസ്ഥാനത്ത് മൃഗ സമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. നെൽകർഷകർക്ക് പ്രോത്സാഹനം നൽകാതെയും നെല്ല് മാർക്കറ്റിൽ വിറ്റഴിക്കാതെയും കുത്തകകളെ സഹായിക്കുന്ന സർക്കാർ സമീപനം ശരിയല്ല. വൈവിദ്ധ്യവൽക്കരണം നടത്തിയിട്ടും കർഷ കരെ സഹായിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ജലസേചന പദ്ധ

തികൾ പൂർത്തീകരിക്കാൻ കഴിയാത്ത സർക്കാരാണിത്. പമ്പുസെറ്റുകളും മോട്ടോറുകളും വാങ്ങിയിട്ട് അവ സ്ഥാപിക്കാനോ പ്രവർത്തിപ്പിക്കാനോ കഴിയാത്ത അവസ്ഥ ഖേദകരമാണ്. 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രഖ്യാപനത്തിൽ ഒതുക്കിയത് ഒരു സർക്കാരിന് ഭൂഷണമല്ല. ഒരു വർഷംകൊണ്ട് എണ്ണായിരം കോടി രൂപയുടെ നഷ്ടം റബ്ബർ കർഷകർക്ക് ഉണ്ടായിട്ടുണ്ട്. തെങ്ങ് കൃഷിയെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. കേടായ തെങ്ങ് വെട്ടി പുതിയവ വയ്ക്കാൻ സഹായം നൽകാനുള്ള പാക്കേജ് ഉണ്ടാകണം. 'നീര' ഉല്പാദിപ്പിച്ച് വിറ്റഴിക്കാൻ കഴിഞ്ഞാൽ അത് സംസ്ഥാനത്തിന് ഗുണകരമായിരിക്കും.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി **31.1.2013** വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷികമേഖലയിൽ കർഷകരുടെ ആത്മഹത്യ ഉണ്ടായിരിക്കുകയാണ്. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വില കുറയുകയും കൊപ്ര സംഭരണം നിലച്ചിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേര കർഷകരെ സഹായിക്കാൻ നടപടിയെടുക്കണം. രാസവളത്തിന്റെ വില വർദ്ധനവ് നെൽക്കൃഷിയുടെ ഉല്പാദന ചെലവ് വർദ്ധിക്കുന്നതിനിടയാക്കിയിരിക്കുകയാണ്. സംഭരിക്കുന്ന നെല്ലിന് യഥാസമയം തുക നൽകുന്നതിനും നെല്ലിന് ന്യായവില ലഭ്യമാക്കുന്നതിനും നെൽക്കൃഷിക്കാവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കുട്ടനാട്,

വയനാട് പാക്കേജുകളിൽ അനുവദിക്കപ്പെട്ട തുക മുഴുവൻ ചെലവഴിക്കുന്ന തിനാവശ്യമായ നടപടിയുണ്ടാകണം. കാർഷികമേഖലയിൽ യന്ത്ര വൽക്കരണം ഏർപ്പെടുത്തിയും ആധുനിക ശാസ്ത്രത്തിന്റെ എല്ലാ കണ്ടുപിടി ത്തങ്ങളെയും പ്രയോജനപ്പെടുത്തിയും ഉല്പാദന വർദ്ധനവിലൂടെ കർഷ കരെ രക്ഷിക്കണം.

ശ്രീ. എം. ഉമ്മർ: 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്ക ണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധാരാളം കേസുകൾ തീർപ്പാക്കുകയും 37.1 കോടി രൂപ ഈ ഇന ത്തിൽ ചെലവഴിക്കുകയും ചെയ്തു. ഈ ഭേദഗതി വരുന്നതോടുകൂടി ഒരു ഓഫീസ് ഓർഡർ മുഖേന ഏത് പ്രദേശത്തും ദുരിതാശ്വാസത്തിനുള്ള തുക ലഭ്യമാക്കാൻ സാധിക്കുന്നതാണ്. നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും വായ്പയെടുത്തിട്ടുള്ള കർഷകർ കടാശ്വാസത്തിന്റെ പരിധിയിലുണ്ടെങ്കിലും നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നില്ലെന്നുള്ള അപാകത മാറ്റുന്നതോടൊപ്പം നാളികേര കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും വന്യമൃഗ ങ്ങളുടെ ആക്രമണത്താൽ കൃഷിനാശം സംഭവിച്ചവർക്ക് പരമാവധി ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂ നികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.ബിൽ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പുന:പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും (ഭരണഘടനയുടെ 201-ാം ആർട്ടിക്കിൾ പ്രകാരം രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതിയോടുകൂടി ഗവർണ്ണർ തിരിച്ചയച്ചത്)

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനുപ് ജേക്കബ്): 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പുന: പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും (ഭരണഘടനയുടെ 201-ാം ആർട്ടിക്കിൾ പ്രകാരം രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതിയോടുകൂടി ഗവർണ്ണർ തിരിച്ചയച്ചത്) പരിഗണനക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനുപ് ജേക്കബ്): ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമസഭ പാസാക്കി പ്രസിഡന്റിന്റെ അനുമതിക്ക് അയച്ച ബില്ലാണ്. അതിൽ 83 ഏ (3) ൽ "Shall "എന്ന വാക്കിനു പകരം "Shall have the authority to" എന്ന വാക്ക് ചേർക്കണമെന്ന ഒരു ഭേദഗതി രാഷ്ട്രപതി നിർദ്ദേശിച്ചിട്ടുണ്ട്. ആ നിർദ്ദേശം അംഗീകരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പ്രമേയം.

പുന: പരിഗണനാപ്രമേയത്തിനുള്ള ഭേദഗതി

Shri. Kodiyeri Balakrishnan: Sir I move that:

1. In the motion for reconsideration of 'The Registration (Kerala Amendment) Bill, 2009' given notice of by the Minister for Food, Civil Supplies, Consumer protection and Registration, insert the words "and passed again without any amendment," after the words "taken up for reconsideration" രാഷ്ട്രപതി ഭരണഘടനയുടെ 201 വകുപ്പ് പ്രകാരം ബിൽ തിരിച്ചയച്ചാൽ ഭേദഗതിയോടുകൂടിയോ അല്ലാതെയോ തീരുമാനമെടുത്ത് വീണ്ടും രാഷ്ട്രപതിക്ക് സമർപ്പിക്കുകയാണ് ചെയ്യേണ്ടത്. ഈ നിയമം കേരള നിയമസഭ പാസാക്കിയത് 2010 മാർച്ച് 31-നാണ്. സർക്കാർ വസ്തുവിന്റെ കൈമാറ്റം ഉൾക്കൊള്ളുന്ന രേഖകൾ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ നൽകുന്ന നോ ഓബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതമോ അല്ലാത്തപക്ഷം രജിസ്ട്രേഷൻ സ്വീകരിക്കുന്നതിൽ നിന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനെ തടയുന്നതിനുവേണ്ടിയോ ഉള്ളതാണ് സെക്ഷൻ 71 (3). ഇതിനു വിരുദ്ധമായി നടന്ന രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുവേണ്ടിയാണ് സെക്ഷൻ 83 (എ) (3) കൂട്ടിച്ചേർക്കാൻ അന്ന് സഭ തീരുമാനിച്ചത്. പുതുതായി ചേർക്കപ്പെട്ട സെക്ഷനിൽ മാറ്റം വരുത്തുന്നതിന് പ്രസിഡന്റിന്റെ നിർദ്ദേശം അംഗീകരിച്ചാൽ ഒറിജിനൽ ബില്ലിന്റെ അന്തസത്ത ഇല്ലാതാകുന്നതോടൊപ്പം നിയമ വിരുദ്ധമായി തട്ടിപ്പു നടത്തുന്ന രജിസ്ട്രേഷനുകൾ റദ്ദ് ചെയ്യാനുള്ള നിയമം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകും. ഭേദഗതി ഒന്നും ഇല്ലാതെ ബിൽ നേരത്തെ ഉണ്ടായിരുന്ന രൂപത്തിൽ തന്നെ പാസ്സാക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) "shall"- ന് പകരം

“shall have the authority” എന്നാക്കുമ്പോൾ രജിസ്ട്രേഷൻ ഐ.ജി.-ക്ക് ജുഡീഷ്യസായി മൈൻഡ് അപ്ലൈ ചെയ്ത് . വിവേചനാധികാരം ഉപയോഗിക്കുവാനുള്ള അവസരമാണ് കൊടുക്കുന്നത്. ഗവൺമെന്റിലേയ്ക്ക് അപ്പീൽ നൽകാനുള്ള സാഹചര്യവും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പുനഃപരിഗണനാ പ്രമേയത്തിനുള്ള ഭേദഗതി 56-നെതിരെ 72 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വോട്ടിംഗ് ശരിയായ നിലയിലല്ല നടന്നിരിക്കുന്നത്. അതിനാൽ റീ-പോളിംഗ് നടത്തണം. ലോക്സഭയിൽ അത്തരം പ്രീസിഡന്റ് ഉണ്ടായിട്ടുണ്ട്.

മി. സ്പീക്കർ : വോട്ടിംഗിൽ തെറ്റ് വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. സാധാരണഗതിയിൽ വോട്ടെടുപ്പ് കഴിഞ്ഞാൽ അതിനെ ചോദ്യം ചെയ്യാൻ പാടില്ലെങ്കിലും മെഷീന് തകരാർ സംഭവിച്ചിട്ടുണ്ടോയെന്ന് അറിയില്ല. റീ-പോളിംഗ് നടത്താം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പുനഃപരിഗണനാ പ്രമേയത്തിനുള്ള ഭേദഗതി റീ-പോളിംഗിന് ശേഷം 55-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭരണഘടനയുടെ 201-ാം അനുച്ഛേദം അനുസരിച്ച് രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതിയോടെ ഗവർണ്ണർ തിരിച്ചയച്ച 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പുനഃപരിഗണനയ്ക്കെടുത്തു.

<u>വകുപ്പുതിരിച്ചുള്ള പരിഗണന</u>

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

4. In sub-section (3) of section 83A of the principal Act, proposed to be inserted by clause 4 of the Bill, for the word “shall”, the words “shall have the authority to” shall be substituted.

5-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി 55-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 5-ാം നമ്പർ ഭേദഗതി 55-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

2. In the Preamble, for the word “Sixty-first” the word “Sixty-third” shall be substituted.

3. In sub-clause (1) of clause 1 of the Bill, for the figure “2010”, the figure “2012” shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) : രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗ

തിയോടെ ഗവർണ്ണർ തിരിച്ചയച്ച 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ ഭേദഗതി ചെയ്ത പ്രകാരം വീണ്ടും പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം 55-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

അറിയിപ്പ്

ചട്ടം 130 അനുസരിച്ചുള്ള ചർച്ച

മി. സ്പീക്കർ : പ്രൊഫ. മാധവ് ഗാഡ്ഗിൽ സമിതി റിപ്പോർട്ട് നിയമസഭാ നടപടി ചട്ടം 130 പ്രകാരം ചർച്ച ചെയ്യുന്നതിനായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയിട്ടുള്ള നോട്ടീസ് 2012 ഡിസംബർ 20-ാം തീയതി വ്യാഴാഴ്ച ബില്ലുകളുടെ പരിഗണനയ്ക്ക് ശേഷം സഭ ചർച്ച ചെയ്യുന്നതും ഒന്നര മണിക്കൂർ ചർച്ചയ്ക്കായി അനുവദിക്കുന്നതുമാണ്.

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.

* * * * * * * * * * *